നം.പി.ആർ.107/2024 തിരുവനന്തപുരം, തീയതി: 16/05/2024

## പത്രക്കുറിപ്പ്

### പ്രവേശന പരീക്ഷ

കേരളസർവകലാശാല പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് 2024–25 അധ്യയന വർഷത്തിലേക്കുള്ള പ്രവേശന പരീക്ഷ 2024 മെയ് 20 മുതൽ 24 വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മൂന്നാർ, ചെന്നൈ, ഡൽഹി സെന്ററുകളിൽ നടത്തുന്നു. പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റ് അഡ്മിഷൻ പോർട്ടലിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ – 0471–2308328/ e-mail : cesspghelp2024@gmail.com

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം. അക്കൗണ്ട്സ് ആന്റ് ഡാറ്റ സയൻസ്, ബി.എസ്സി. മാത്തമാറ്റിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പരീക്ഷയുടെ പ്രോജക്ട്, വൈവവോസി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ആന്റ് മീഡിയ സ്റ്റഡീസ്, ബി.എ. ഇക്കണോമിക്സ് ആന്റ് മീഡിയ സ്റ്റഡീസ് ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട്, വൈവവോസി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർ സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 മെയ് 27 മുതൽ 30 വരെ അതാത് കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരി മാസം നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് മ്യൂസിക് പരീക്ഷയുടെ തുടർച്ചയായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ 2024 മെയ് 28 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2024 മെയ് 27 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.ഡെസ്., ജൂൺ 10 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ഡെസ്. പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# ജോബ് ഫെയർ

കേരളസർവകലാശാലയും തിരുവനന്തപുരം സർക്കാർ വനിത കോളേജും ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരളയുമായി (ICTAK) സഹകരിച്ച് സർക്കാർ വനിത കോളേജിലെ ആഡിറ്റോറിയത്തിൽ ഒരു ജോബ് ഫെയർ 2024 മേയ് 18 (ശനി) രാവിലെ 9.00 മുതൽ വൈകുന്നേരം 5.00 വരെ നടത്തുന്നു. ഇരുപതോളം കമ്പനികൾ ജോബ് ഫെയറിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജോബ് ഫെയർ രാവിലെ 9 ന് കേരളസർവകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ.(ഡോ.) പി.എം.രാധാമണി ഉദ്ഘാടനം ചെയ്യും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**